# FCC 1983 CHARITABLE TRUST

(Reg.No.115/4/2019)

FCC 1983
COCHIN

## <u>നിബന്ധനകൾ</u>

ഈ മത്സരത്തിൽ ഏവർക്കും പങ്കെടുക്കാവുന്നതാണ്.

2019 ജൂൺ 21ാം തീയതി ആരംഭിച്ച് 23ാം തീയതി നടക്കുന്ന ഫൈനൽ മത്സരത്തോടെ ഈ ടൂർണമെന്റ് അവസാനിക്കുന്നതാണ്.

കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരം മരം കൊണ്ടുള്ള പ്രതലത്തിലായതു കൊണ്ട് എല്ലാ കളിക്കാരും **നോൺ മാർക്കിംഗ് (Non-marking) സ്പോർട്ട്സ് ഷൂ** പാദരക്ഷകളായി ഉപയോഗിച്ചു കൊണ്ടു മാത്രമേ കളിയിൽ പങ്കെടുക്കുവാൻ പാടുള്ളൂ. ഈ നിബന്ധന പാലിക്കാത്ത കളിക്കാരനേയോ, ടീമിനേയോ മത്സരത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

ഓരോ ടീമിനും വർണ്ണ ശബളമായ യൂണിഫോമും നമ്പറും നിർബന്ധമാണ്

ഓരോ മത്സരങ്ങളിൽ ഉപയോഗിക്കുന്നതിനായി ഇൻസുലേഷൻ ടേപ്പ് ചുററിയ ടെന്നിസ് ബാൾ ടൂർണമെന്റ് കമ്മിററി വിതരണം ചെയ്യുന്നതാണ്. യാതൊരു കാരണവശാലും ടീം കൊണ്ടുവരുന്ന ബാൾ ഉപയോഗിക്കുവാൻ അനുവദിക്കുന്നതല്ല.

മത്സരത്തിനുപയോഗിക്കുന്ന ബാററ് ഐ.സി.സി. 2000 **(6th Edition)** കോഡിന് (നീളം 96.5 സെ.മീ., വീതി 10.8 സെ.മീ) അനുസൃതമല്ലെങ്കിൽ ശിക്ഷിക്കുവാനോ അയോഗ്യരാക്കുവാനോ അമ്പയർമാർക്ക് അധികാരമുള്ളതാകുന്നു.

ഗ്രൗണ്ടിലോ പരിസരങ്ങളിലോ യതൊരുവിധ **ലഹരിപദാർത്ഥങ്ങളോ** മററു നിഷിദ്ധവസ്തുക്കളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല . ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന ടീമുകളെ ടൂർണമെന്റിൽ നിന്നും പുറത്താക്കാനുള്ള അധികാരം ഓർഗനൈസിങ്ങ് കമ്മിററിയിൽ നിക്ഷിപ്തമാണ്.

സ്റ്റേഡിയത്തിലുള്ള മുറികളിൽ താമസിക്കുന്നവർ മുറികളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ഒരു മുറിയിൽ അഞ്ചിൽ അധികം ആളുകൾ താമസിക്കുവാൻ പാടുള്ളതല്ല. സ്റ്റേഡിയം പരിസരത്തും മുറികളിലും യതൊരു വിധത്തിലുള്ള ലഹരി പദാർത്ഥങ്ങളോ മററു നിഷിദ്ധവസ്തുക്കളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

**<u>ഫിക്സ്ചർ</u>**: രജിസ്റ്റർ ചെയ്യുന്ന ടീമുകളെ ഉൾപ്പെടുത്തി തയ്യാറാക്കിയ "ഫിക്ചർ" ടൂർണമെന്റ് കമ്മിററി ഓഫീസിൽ നിന്നും ടീം ക്യാപ്റനു ലഭിക്കുന്നതാണ്. എന്നാൽ ഫിക്ചറിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ടീം എത്തിച്ചേരാതിരുന്നാൽ ആ ഒഴിവിലേയ്ക്ക് പുതുതായി രജിസ്റ്റർ ചെയ്യുന്ന ടീമിനെ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം ടൂർണമെന്റ് കമ്മിററിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ഫിക്ചറിൽ വരുന്ന മാററം കളി ആരംഭിക്കുന്നതിന് രണ്ടു മണിക്കൂർ മുൻപായി റിപ്പോർട്ട് ചെയ്യുന്ന ടീമിനെ അറിയിക്കുന്നതാണ്.

9846023451, 9946219543 FCC 1983, FCC CRICKET fcc1983charitabletrust@gmail.com

LFC Road, Kaloor, Kochi - 17

ഫിക്സ്ചറിൽ കൊടുത്തിട്ടുള്ള സമയം അടുത്ത രണ്ടു മണിക്കൂറോളം ദീർഘിപ്പിക്കുന്നതിനുള്ള അധികാരം ടൂർണമെന്റ് കമ്മിററിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

ഫിക്സ്ചറിൽ പറഞ്ഞിട്ടുള്ള കളി സമയത്തിനു രണ്ടു മണിക്കൂർ മുൻപായി ടീം ക്യാപ്ററന്മാർ ടൂർണമെന്റ് പവലിയനിൽ എത്തി 10 (8+2) ടീം അംഗങ്ങളുടെയും പേരുകൾ എഴുതി തരികയും 'ടോസ്' നടത്തുകയും ചെയ്യേണ്ടതാകുന്നു. ***ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരെ ഒരു കാരണവശാലും കളിക്കാൻ അനുവദിക്കുന്നതല്ല. അമ്പയറുടെ അനുവാദമില്ലാതെ അങ്ങിനെ കളിപ്പിച്ചാൽ ആ ടീമിനെ ടൂർണമെന്റിൽ നിന്നും ബാർ ചെയ്യുന്നതായിരിക്കും*** .

എല്ലാ ടീം അംഗങ്ങളുടേയും ഫോട്ടോ ഐ. ഡി. കാർഡിന്റെ കോപ്പി നിർബന്ധമായും മൽസരത്തിനു മുമ്പ് സമർപ്പിച്ചിരിക്കണം.

**ഓവർ:** ഒരു ടീമിന് 8 ഓവർ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഒരു കളിക്കാരനു 2 ഓവർ വരെ ബൗൾ ചെയ്യാവുന്നതാണ്. ഓവറുകളുടെ എണ്ണത്തിൽ മാററം വരുത്തുവാൻ ടൂർണമെന്റ് കമ്മിററിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

8 ഓവർ ബൗൾ ചെയ്യുവാനുള്ള പരമാവധി സമയം 32 മിനിററാണ്. ബൗൾ ചെയ്യുവാൻ അതിൽ കൂടുതൽ സമയമെടുത്താൽ കൂടുതലെടുക്കുന്ന ഓരോ മുഴുവൻ നാല് മിനിററിനും 10 റൺ വീതം ബാററിംഗ് ടീമിന് നൽകുന്നതാണ്.

**കൈമടക്കി** ബാൾ എറിയുവാൻ പാടില്ല. അതിനു വിപരീതമായി പ്രവർത്തിക്കുന്ന കളിക്കാരനെ ഈ ടൂർണമെന്റിൽ ബൗൾ ചെയ്യുവാൻ അനുവദിക്കുന്നതല്ല. ബൗളർമാർ മുഴുക്കൈ (ഫുൾസ്ലീവ്) ജേഴ്സികൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

പന്തിൽ **കൃത്രിമം** കാണിക്കുന്നതായോ നശിപ്പിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ടീമിനെ ശിക്ഷിക്കുന്നതിനോ അയോഗ്യരാക്കുന്നതിനോ അമ്പയർമാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

***സ്ട്രൈക്കിംഗ് എൻഡിലുള്ള ബാററ്സ്മാനെ മാററുന്നതിനായി ഫീൽഡിംഗ് ടീം മനഃപ്പൂർവ്വം സിംഗിൾ അനുവദിച്ചതായി അമ്പയർമാരുടെ ശ്രദ്ധയിൽ പെട്ടാൽ ആ ഒരു റൺ കൂടാതെ പെനാൽട്ടിയായി 10 റൺസ് കൂടി ബാററിംഗ് ടീമിനു നൽകുന്നതായിരിക്കും. ബൈ റണ്ണിനും, വൈഡ് റണ്ണിനും സ്ട്രൈക്ക് മാറേണ്ടതില്ല.***

ടൂർണമെന്റിന്റെ നടത്തിപ്പ് **ഐ.സി.സി.യുടെ 2000(6th Edition) കോഡിനു** വിധേയമായിട്ടായിരിക്കും.

**എല്ലാ ടീം അംഗങ്ങൾക്കും ജേഴ്സി നമ്പർ നിർബന്ധമാണ്**

മൽസരം സമനിലയിൽ കലാശിക്കുകയാണെങ്കിൽ സൂപ്പർ ഓവറിലൂടേയും, സൂപ്പർ ഓവറും ടൈ ആയാൽ ടോസ്സിലൂടെയും വിജയികളെ തീരുമാനിക്കുന്നതായിരിക്കും.

## അമ്പയർമാരും അവരുടെ അധികാരങ്ങളും

ഓരോ കളിയുടെ ആരംഭത്തിലും മുൻ നിശ്ചയിച്ചിട്ടുള്ള പാനലിൽ നിന്നും അമ്പയർമാരെ ടൂർണമെന്റ് കമ്മിററി കളിയുടെ നിയന്ത്രണ ചുമതല ഏൽപിക്കുന്നതാണ്.

കളിയുടെ സാങ്കേതിക വശങ്ങൾ , ബൗളിംഗ് പിഴവുകൾ, ഫീൽഡിംഗ് പിഴവുകൾ, എൽ.ബി.ഡബ്ലിയു, ക്യാച്ച്, കളിക്കാരൻ പുറത്താകൽ എന്ന ിവ തുടങ്ങി കളിയുടെ പൂർണ്ണമായ നിയന്ത്രണങ്ങളിൽ എല്ലാം തന്നെ അമ്പയർമാരുടെ തീരുമാ നങ്ങൾ അന്തിമമായിരിക്കും.

എന്ത് കാരണങ്ങൾ കൊ ണ്ടായാലും ഏതെങ്കിലും ഒരു കളിയിൽ ഉപയോഗിച്ച് കൊ ണ്ടിരിക്കുന്ന പന്ത് മാററി മറെറാന്ന് നൽകുന്നതി നുള്ള പൂർണ്ണ അധികാരം അമ്പയർമാർക്ക് മാത്രമുള്ളതായിരിക്കും.

അമ്പയർമാർക്ക് യുക്തമെന്നു തോന്നിയാൽ 3rd അമ്പയർ മാരുടെ സഹായം തേടാവുന്നതാണ്. എന്നാൽ അതിന്മേലുള്ള അമ്പയർമാരുടെ തീരുമാ നങ്ങളും കാഴ്ചപ്പാടുകളും അന്തിമമായിരിക്കും.

അമ്പയറിങ്ങിനെ സംബന്ധിച്ചും അവരുടെ തീരുമാനങ്ങളെ സംബന്ധിച്ചുമുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

**ടൂർണമെന്റിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമെന്നു തോന്നുന്ന പക്ഷം മേൽ പ്രസ്താവിച്ച ഏതൊരു നിബന്ധനകളും മാററം വരുത്തുന്നതിനോ കൂട്ടി ചേർക്കുന്നതിനോ ടൂർണമെന്റ് കമ്മിററിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.**